**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2259 — 08.03.2017 -ൽ മറുപടിക്ക്

## വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയനിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ശശി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചു; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി പാലക്കാട് ഡി.റ്റി.പി.സി. എത്ര തുക അനുവദിച്ചു നൽകി; ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര തുക ചിലവാക്കി; വിശദാംശം ലഭ്യമാക്കുമോ; | എ) യും ബി) യും | വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 1 കോടി രൂപ ടൂറിസം വകുപ്പും 1 കോടി രൂപ എം.എൽ.എ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇതിൽ ടൂറിസം വകുപ്പിന്റെ വിഹിതത്തിൽ ആദ്യ ഗഡുവായി 50 ലക്ഷം രൂപ നിർമ്മാണ ഏജൻസിയായ പാലക്കാട് ഡി.റ്റി.പി.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് മറ്റു ഫണ്ടുകളോടുകൂടി ചേർത്ത് പദ്ധതി നടപ്പിലാക്കുന്നത് അനുവദനീയമല്ലാത്തതിനാൽ എം.എൽ.എ ഫണ്ട് ഉപയോഗപ്രദമാക്കുന്നതിന് വേണ്ടി പ്രത്യേക ഘടകങ്ങൾ തിരിച്ച് |

നൽകേണ്ടതായുണ്ട്. ഇക്കാരണത്താൽ ആസ്തി വികസന ഫണ്ടിൽ അനുവദിച്ച 1 കോടി രൂപ അനുവദിച്ച് നൽകിയിട്ടില്ല. പ്രസ്തുത പ്രോജക്ടിനായി നാളിതുവരെ 58,09,045/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| സി) പ്രസ്തുത സമുച്ചയ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത് സർക്കാരിന്റെ ഏതു ഏജൻസി മുഖേനയാണ്; പ്രസ്തുത ഏജൻസി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമല്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണെന്നു വ്യക്തമാക്കുമോ; | സി) പാലക്കാട് ഡി.ടി.പി.സി മുഖേന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല |
| ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ഫലപ്രദമാണോ എന്ന് അടിയന്തിരമായി പരിശോധിക്കാനും വിട്ടുവീഴ്ചകളോ അഴിമതിയോ ഉണ്ടെങ്കിൽ കണ്ടെത്താനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും ടൂറിസം വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | ഡി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തികൾ അപാകതകളില്ലാതെ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടു കൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിന്റെ പൂർത്തീകരണം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.